I ഇ.ബി. XIV-കേരള നിയമസഭ /XIV-7

# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഫെബ്രുവരി 05, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I **അടിയന്തരപ്രമേയം**

കരിമണൽ ഖനനം

മി. സ്പീക്കർ: കൊല്ലം ജില്ലയിലെ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന കരിമണൽ ഖനനംമൂലം തദ്ദേശവാസികളുടെ നിലനിൽപ്പ് അപകടത്തിലാകുന്ന സ്ഥിതിവിശേഷത്തിനെതിരെ നടത്തിവരുന്ന സമരത്തിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടൽ ഉണ്ടാകാത്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ

സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കേരളത്തിൽ കരിമണൽ നിക്ഷേപമുള്ള നീണ്ടകര മുതൽ കായംകുളം വരെ സമുദ്രാതിർത്തിയോട് ചേർന്ന ഇരുപത്തിരണ്ടര കിലോമീറ്റർ നീളമുള്ള പ്രദേശത്തെ എട്ടു ബ്ലോക്കുകളായി തിരിച്ച് ഒന്നിടവിട്ട ബ്ലോക്കുകളിൽ സംസ്ഥാന, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ., ഐ.ആർ.ഇ. എന്നിവയ്ക്ക് ഖനനാനുമതി നൽകിയിട്ടുണ്ട്. ആലപ്പാട് പഞ്ചായത്തിൽ പതിനാറര കിലോമീറ്റർ കരിമണൽ നിക്ഷേപമുള്ളതിൽ കടൽഭിത്തിയുള്ള സ്ഥലം ഒഴിവാക്കി തെക്കേയറ്റത്ത് വെള്ളനാംതുരുത്തിൽ 500 മീറ്ററിൽ മാത്രമാണ് ഐ.ആർ.ഇ. ഖനനത്തിന് വിധേയമാക്കിയിട്ടുള്ളത്. പരിസ്ഥിതി സംബന്ധിച്ച നിയമസഭാ സമിതി പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കരിമണൽ ഖനനം പാടേ ഒഴിവാക്കേണ്ടതില്ലെന്നും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിവരാത്ത തരത്തിൽ ഖനനം നടത്തുന്നതിന് പൊതുസമൂഹം എതിരല്ലെന്നുമാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്.

പരിസ്ഥിതിക്ക് കോട്ടം വരാത്ത തരത്തിൽ ഈ പ്രകൃതി സമ്പത്തിനെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തണമെന്നാണ് സർക്കാരിന്റെ നയം. കൊല്ലം ജില്ലയിലെ കരിമണൽ നിക്ഷേപത്തെ ആശ്രയിച്ചാണ് അയ്യായിരത്തിലധികം പേർ തൊഴിലെടുക്കുന്ന മൂന്ന് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും ഒരു സ്വകാര്യവ്യവസായ സ്ഥാപനവും പ്രവർത്തിക്കുന്നത്. കരിമണൽ ഖനനംമൂലം മത്സ്യസമ്പത്ത് കുറയുന്നുവെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്നാണ് ഇതുസംബന്ധിച്ച് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് രൂപീകരിച്ച വിദഗ്ദ്ധ സമിതി കണ്ടെത്തിയിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനവും സുനാമി പോലുള്ള പ്രകൃതിദുരന്തങ്ങൾ കാരണവും തീരശോഷണം സംഭവിക്കുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. സീ വാഷിംഗ് ഉൾപ്പെടെയുള്ള കരിമണൽ ഖനനം കൊണ്ടാണ് കരഭൂമി നഷ്ടപ്പെടുന്നതെന്ന വാദം വസ്തുതാപരമല്ല. കെ.എം.എം.എൽ.-ഉം ഐ.ആർ.ഇ.-ഉം സീ വാഷിംഗ് നടത്തുന്നത് കേന്ദ്ര ഗവേഷണ സ്ഥാപനത്തിന്റെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ആലപ്പാട് വിഷയം ചർച്ച ചെയ്യുകയും ശാസ്ത്രീയമായി കരിമണൽ ഖനനം നടത്തുന്നത് സംബന്ധിച്ച് പ്രാഥമിക പഠനം നടത്തുന്നതിന് കേന്ദ്ര ഗവേഷണ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ഒരു മാസത്തേയ്ക്ക് സീവാഷിംഗ് നിർത്തിവയ്ക്കുന്നതിനും പഠനറിപ്പോർട്ട് പരിശോധിച്ച്

തുടർ നടപടികൾ സ്വീകരിക്കുന്നതിനും കടൽഭിത്തി, പുലിമുട്ട് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഭൂവുടമകളിൽ നിന്ന് പണം നൽകി ലീസിന് വാങ്ങുന്ന ഭൂമി ഖനനത്തിന് ശേഷം കുഴികൾ നികത്തി അവർക്കുതന്നെ തിരിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് ആലപ്പാട് പ്രദേശത്തെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിശോധിച്ച് പരിഹാരം കാണുന്നതിനുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലാണ് സമരക്കാർ തങ്ങളുടെ ആവശ്യം ആദ്യമായി സർക്കാരിനെ അറിയിക്കുന്നത്. ഖനനം സംബന്ധിച്ച് മറ്റ് പരാതികളൊന്നും നാളിതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല. കേരളത്തിന്റെ പ്രകൃതിദത്തമായ സമ്പത്ത് ശേഖരിച്ച് സമഗ്ര വികസനമുണ്ടാക്കാനും തൊഴിലില്ലായ്മ ലഘൂകരിക്കാനും കരിമണൽ ഖനനംമൂലം സാധിക്കുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: കാർഷിക സമ്പത്തുകൊണ്ടും മത്സ്യസമ്പത്ത് കൊണ്ടും സമ്പന്നമായിരുന്ന ആലപ്പാട് പഞ്ചായത്ത് ഐ.ആർ.ഇ. നടത്തുന്ന അശാസ്ത്രീയമായ കരിമണൽ ഖനനംമൂലം രൂക്ഷമായ പ്രതിസന്ധിയാണ് ഇന്ന് നേരിടുന്നത്. 3600-ഓളം കുടുംബങ്ങളുടെ 180 ഹെക്ടർ സ്ഥലം ഉടമസ്ഥരോട് യാതൊരു അനുമതിയും ചോദിക്കാതെ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവർണറുടെ പേരിൽ ഒരു ഡീഡ് എഗ്രിമെന്റ് കമ്പനിയുടെ ഖനനാവശ്യത്തിനായി എടുത്തിരിക്കുകയാണ്.

ഇന്നത്തെ രീതിയിൽ ഖനനം തുടരുകയാണെങ്കിൽ അറബിക്കടലും ടി.എസ്. കനാലും ഒന്നാകുമെന്ന കടുത്ത ആശങ്കയാണ് അവിടത്തെ ജനങ്ങൾക്കുള്ളത്. കരിമണൽ ഖനനംമൂലം പൊന്മന ദുർഗ്ഗാദേവി ക്ഷേത്രം മൂന്നു പ്രാവശ്യം മാറ്റി പണിയേണ്ടി വന്നു. കുന്നത്ത് എൽ.പി. സ്കൂളും യു.പി. സ്കൂളും ഇല്ലാതാകുകയും അഴീക്കൽ വെള്ളനാംതുരുത്ത് പി.ഡബ്ല്യു.ഡി. റോഡ് മൂന്നു പ്രാവശ്യം മാറ്റി പണിയേണ്ടി വന്നതും ഖേദകരമാണ്. അതുകൊണ്ട് അങ്ങ് ഈ സ്ഥലം സന്ദർശിക്കുകയും ജനങ്ങളോട് സംസാരിച്ച് അവരുടെ ഭീതി അകറ്റാനും അനധികൃതമായി ഡീഡ് എഗ്രിമെന്റ് ഉണ്ടാക്കിയത് റദ്ദാക്കാനുമുള്ള നടപടി സ്വീകരിക്കണം. പാരിസ്ഥിതിക അനുമതിയില്ലാതെ നടത്തുന്ന കരിമണൽ ഖനനത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഐ.ആർ.ഇ. വേർതിരിച്ചെടുക്കുന്ന ഇൽമനൈറ്റിനെ വാല്യൂ ആഡഡ് പ്രോഡക്ടാക്കി മാറ്റുന്നത് കെ.എം.എം.എൽ-ഉം ടൈറ്റാനിയവുമാണ്. സ്വകാര്യ കമ്പനികൾക്ക് ഇൽമനൈറ്റ് നൽകുന്നത് സ്ഥാപനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുതന്നെയാണ് എന്നുള്ളത് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഐ.ആർ.ഇ.-യുടെ ഒരു ബ്ലോക്കിൽ മാത്രമാണ് ഖനനം

നടക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് നിശ്ചയിച്ച വിവിധ കമ്മീഷനുകൾ കരിമണൽ ഖനനം നടത്തണമെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യങ്ങൾക്കെതിരായ സമരമാണ് ആലപ്പാട് പഞ്ചായത്തിൽ നടക്കുന്നത്. മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ജനങ്ങളുടെ ഉൽക്കണ്ഠ മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും സമരനേതാക്കളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് ആലപ്പാട് പഞ്ചായത്തിലെ ഒരു കുടുംബവും ഗവൺമെന്റിന് പരാതി നൽകിയിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിയമപരമായ അനുമതി വാങ്ങിയശേഷമാണ് ഐ.ആർ.ഇ. പ്രവർത്തിക്കുന്നത്. കേന്ദ്ര അറ്റോമിക് മിനറൽ ഡയറക്ടറേറ്റ് പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സസൂക്ഷ്മം പരിശോധിച്ചതിനുശേഷമാണ് ഖനനത്തിന് അനുമതി നൽകിയിട്ടുള്ളത്. ആലപ്പാട് പഞ്ചായത്തിലെ ഭൂമി നഷ്ടപ്പെട്ടത് സുനാമി മൂലമാണ്. കരിമണൽ കടത്തിക്കൊണ്ടുപോകുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. വസ്തുതാവിരുദ്ധമായ പ്രസ്താവനകളാണ് പ്രതിപക്ഷം നടത്തിയിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രീ. ഒ. രാജഗോപാൽ: ആലപ്പാട് പഞ്ചായത്തിൽ നടത്തുന്ന അശാസ്ത്രീയ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവമുള്ളതായതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് പ്രസ്തുത സ്ഥലം സന്ദർശിച്ച് ഈ വിഷയം ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**II ശ്രദ്ധ ക്ഷണിക്കൽ**

(1) കടൽഭിത്തി നിർമ്മാണം

ശ്രീ. റ്റി. വി. രാജേഷ്: ഏറ്റവും കൂടുതൽ കടൽത്തീരമുള്ള ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ തീരദേശവാസികൾ കടലാക്രമണഭീഷണിയിലാണ്. കേരളത്തിലെ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് കടൽഭിത്തി നിർമ്മാണത്തിൽ സ്വയംപര്യാപ്തത നേടുകയും കിഫ്ബി വഴി കടൽഭിത്തി

നിർമ്മിക്കുന്നതിന് പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. കടൽഭിത്തി നിർമ്മാണത്തിനായി കിഫ്ബിക്കായി അനുവദിച്ച തുകയും കണ്ണൂർ ജില്ലയ്ക്കുവേണ്ടി കലാമിറ്റി ഫണ്ടിൽ അനുവദിക്കുന്ന തുകയും അടിയന്തരമായി വിനിയോഗിച്ച് കടൽഭിത്തി നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഓരോ ജില്ലയിലും കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളടങ്ങിയ കമ്മിറ്റി രൂപീകരിക്കുന്നതിനും തീരദേശ എം.എൽ.എ.മാരുടെ പ്രത്യേക യോഗം വിളിക്കുന്നതിനും നടപടി സ്വീകരിക്കണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള 333.75 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സമയബന്ധിതമായി എ.എസ്./ടി.എസ്. നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കണ്ണൂർ ജില്ലയിൽ കടലാക്രമണം നിയന്ത്രിക്കുന്നതിനായി നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾ പുരോഗതിയിലാണ്. കടൽഭിത്തിയുടെ പുനരുദ്ധാരണ/നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനുപുറമെ തീരദേശ സംരക്ഷണത്തിനായി ലോകബാങ്ക് സഹായത്തിനായി 373.30 കോടി രൂപയുടെ പ്രവൃത്തികൾ സമർപ്പിച്ചിട്ടുമുണ്ട്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലെ രൂക്ഷമായ കടലാക്രമണം നേരിടുന്നതിനാവശ്യമായ പുലിമുട്ടുകളുടെ രൂപകൽപന പൂനെ

സി.ഡബ്ല്യു.പി.ആർ.എസ്. ലഭ്യമാക്കിയിട്ടുണ്ട്. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതും ജനസാന്ദ്രതയേറിയ പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നതും സംബന്ധിച്ച് മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവരുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(2) ഓഖി ദുരന്തബാധിതർക്ക് ആനുകൂല്യങ്ങൾ

ശ്രീ. വി. എസ്. ശിവകുമാർ: ഓഖി ദുരന്തബാധിതർക്കായി പ്രഖ്യാപിച്ച പതിനെട്ട് ആശ്വാസനടപടികൾ പൂർണ്ണമായി നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. കാണാതായവരുടെ കുടുംബങ്ങൾക്ക് കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമാകേണ്ടിയിരുന്ന രണ്ട് ലക്ഷം രൂപയുടെ ധനസഹായത്തിനുപുറമെ ഗുരുതരമായി പരിക്കേറ്റവർക്കുള്ള അഞ്ച് ലക്ഷം രൂപയുടെ ധനസഹായവും പരിക്കുപറ്റി രക്ഷപെട്ട് വന്നവർക്കുള്ള രണ്ട് ലക്ഷം രൂപയുടെ ധനസഹായവും അടിയന്തരമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഓഖി ദുരന്തബാധിതരുടെ കടബാദ്ധ്യതകൾ ഒഴിവാക്കുകയും മരണപ്പെട്ടവരുടെയും കാണാതായവരുടെയും കുടുംബാംഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം നൽകുകയും വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നഗരപരിധിയിൽ ഇരുപത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസ വായ്പകൾ സർക്കാർ ഏറ്റെടുക്കുകയും വേണം. ബോട്ടും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്ക്

പുതിയ ബോട്ടുകൾ വാങ്ങുന്നതിനാവശ്യമായ സഹായം ചെയ്യുന്നതിനുപുറമെ നഷ്ടപ്പെടുന്ന തൊഴിൽദിനങ്ങൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാർ നൽകിയ 143.53 കോടി രൂപ ലാപ്സാകാനുണ്ടായ സാഹചര്യം വ്യക്തമാക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സംസ്ഥാനത്തെ ഓഖി ബാധിതർക്ക് ആശ്വാസം നൽകുന്നതിനുള്ള സമഗ്ര പാക്കേജ് സർക്കാർ നടപ്പാക്കിയിട്ടുണ്ട്. നാൽപ്പത് വയസ്സിനു താഴെ പ്രായമുള്ള 41 പേർക്ക് സ്വന്തം വരുമാനത്തിൽനിന്നും കുടുംബത്തെ പോറ്റുന്നതിനായി സർക്കാർ സ്ഥാപനത്തിൽ തൊഴിൽ നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനവായ്പ എഴുതിത്തള്ളുന്നതിനായി നിലവിൽ പദ്ധതികളില്ല. നാൽപ്പത് വയസ്സിനുമേൽ പ്രായമുള്ള വനിതകളെ ഫുഡ് പ്രോസസ്സിംഗുമായി ബന്ധപ്പെട്ട പാക്കേജിൽ ഉൾപ്പെടുത്തി വിഴിഞ്ഞത്തെ പ്രോസസ്സിംഗ് സ്ഥാപനത്തിൽ തൊഴിൽ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ദുരന്തനിവാരണ അതോറിറ്റിക്ക് ലഭിക്കുന്നത് തുടർഫണ്ട് ആയതിനാൽ ലാപ്സാകുകയില്ല.

## III സബ്മിഷൻ

### (1) കുടിവെള്ള പദ്ധതി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കുടിവെള്ളക്ഷാമം നേരിടുന്ന 10 പഞ്ചായത്തുകളും ഹരിപ്പാട് മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്ന ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഹരിപ്പാട് മുനിസിപ്പാലിറ്റിയെയും 10 പഞ്ചായത്തുകളെയും ബന്ധിപ്പിച്ചുകൊണ്ട് മൂന്ന് ഘട്ടങ്ങളായി നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തിയിൽ ശുദ്ധീകരണശാലയുടെയും കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണവും രണ്ടാംഘട്ട പ്രവൃത്തിയിൽ കിണറിൽനിന്നും ശുദ്ധീകരണശാലയിലേയ്ക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കലും മൂന്നാംഘട്ട പ്രവൃത്തിയിൽ ജലസംഭരണികളും വിതരണശൃംഖലകളും സ്ഥാപിക്കലും ഉൾപ്പെടുന്നു. പദ്ധതിയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

### (2) സിമന്റ് വില വർദ്ധനവ്

ശ്രീ. എൻ. ഷംസുദ്ദീൻ: വിലനിയന്ത്രണാധികാരം സർക്കാർ ഏറ്റെടുത്തുകൊണ്ട് സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സിമന്റിന്റെ വിലവർദ്ധനവ്

തടയാൻ അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ മാത്രമെ വിലനിയന്ത്രണം കൊണ്ടുവരാൻ സാധിക്കൂ. അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്ത് വിപണനം നടത്തുന്ന സിമന്റ് കമ്പനികളുടെമേൽ സർക്കാരിന് നിയമപരമായി ഇടപെടാൻ സാധിക്കില്ല. സിമന്റ് കമ്പനി ഡീലേഴ്സും സ്റ്റോക്കിസ്റ്റുകളുമായും ചർച്ചചെയ്ത് വില കുറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്. ഉൽപ്പാദനം വർദ്ധിപ്പിച്ച്, വിപണനം ശക്തിപ്പെടുത്തി, വില വർദ്ധിപ്പിക്കാതെതന്നെ മലബാർ സിമന്റ്സിനെ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) ചാത്തന്നൂർ താലൂക്ക് രൂപീകരണം

ശ്രീ. ജി. എസ്. ജയലാൽ: കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമാക്കി താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കൊല്ലം ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കൊല്ലം ജില്ലയുടെ തെക്കൻ മേഖലയിലുള്ള പത്ത് വില്ലേജുകളും കൊട്ടാരക്കര താലൂക്കിലെ പൂയപ്പള്ളി താലൂക്കും ഉൾപ്പെടുത്തി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് ശിപാർശ

ചെയ്തിട്ടുണ്ട്. 2007-ലെ സംയുക്ത പഠന റിപ്പോർട്ടിലും ചാത്തന്നൂർ ആസ്ഥാനമാക്കി താലൂക്ക് രൂപീകരിക്കണമെന്ന ശിപാർശയുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ താലൂക്ക് രൂപീകരണം ഉചിതമല്ലെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. താലൂക്ക് പുനഃസംഘടന സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീമിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) <u>തടയണ നിർമ്മാണം</u>

<u>ശ്രീ. ബി. സത്യൻ</u>: കമ്മീഷൻ ചെയ്ത കിളിമാനൂർ കുടിവെള്ള പദ്ധതി പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കാരേറ്റ് തടയണ നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): വാമനപുരം നദിയിൽ കാരേറ്റ് തടയണ നിർമ്മാണത്തിനുവേണ്ടി പരിശോധന നടത്തിയ സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. ജലലഭ്യത ഉറപ്പാക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അയിലം കടവിലും കുട്ടപ്പാറ കടവിലും റെഗുലേറ്റർ പണിയുന്നതിന് സ്ഥാനം നിർണ്ണയിക്കാനും ഡിസൈൻ

തയ്യാറാക്കാനും കിഡ്ക്-നെ ഏല്പിച്ചിട്ടുണ്ട്. പ്രസ്തുത അയിലം കടവിലെ റെഗുലേറ്ററിന്റെ സ്ഥാനം അനുയോജ്യമല്ലാത്തതിനാൽ പുതിയ സ്ഥാനം നിർണ്ണയിക്കുന്നതിന് ഐ.ഡി.ആർ.ബി. ഓഫീസർമാരുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി നൽകിയ സർവ്വേ വിവരങ്ങൾ ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ യോഗം വിളിക്കുന്നതാണ്.

(5) കുടിവെള്ള ക്ഷാമം

ശ്രീ. മുരളി പെരുനെല്ലി: മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കുകൂടി പ്രയോജനം ലഭിക്കുന്ന വിധത്തിൽ 1360 ലക്ഷം രൂപയുള്ള പദ്ധതി 01-3-2016-ൽ എൻ.ആർ.ഡി.ഡബ്ല്യൂ.പി. സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഉന്നതതല സംഭരണിയുടെ നിർമ്മാണ പ്രവൃത്തികളുടെ ആദ്യദർഘാസ് റദ്ദ് ചെയ്തു. തുടർന്ന് പാവറട്ടി പഞ്ചായത്തിൽ 6.7 ലക്ഷം ലിറ്റർ ശേഷിയും

മുല്ലശ്ശേരി പഞ്ചായത്തിൽ 5.5 ലക്ഷം ലിറ്റർ ശേഷിയുമുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണത്തിന് 350 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്ന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി ആരംഭിച്ചുകഴിഞ്ഞു. 54.8 കോടി രൂപയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തിവരുന്നു.

(6) കിഫ്ബി വഴി നിർമ്മിക്കുന്ന പാലങ്ങൾ

ശ്രീ. ഹൈബി ഈഡൻ: എറണാകുളം നിയോജകമണ്ഡലത്തിലെ വടുതല, അറ്റ്ലാന്റിസ്, വാത്തുരുത്തി, കൊറങ്കോട്ട മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വടുതല മേൽപ്പാലം നിർമ്മാണത്തിന് കിഫ്ബിയിൽ നിന്ന് 51 കോടി 81 ലക്ഷം രൂപയുടെ അംഗീകാരം ലഭിക്കുകയും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വർക്കിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ കളക്ടർക്ക് സമർപ്പിച്ചു. 2018-ൽ പതിനഞ്ച് ലക്ഷം രൂപ കണ്ടിജൻസി ചാർജ് നൽകിയിട്ടുണ്ട്.

സാമൂഹ്യാഘാത പഠനം പൂർത്തിയാക്കിയെങ്കിലും സ്ഥലം ഏറ്റെടുത്ത് കൈമാറുന്ന നടപടി പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത വർക്കുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.യുടെ ഭാഗത്തുനിന്ന് യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല. സ്ഥലം ഏറ്റെടുത്താൽ തുടർനടപടികൾ ആരംഭിക്കാൻ സാധിക്കും. അറ്റ്ലാന്റിസ് മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചു. ഡി.പി.ആർ. കിഫ്ബിയിൽ അപ്ലോഡ് ചെയ്യുകയും പദ്ധതിക്കായി ഏകദേശം 90 കോടി രൂപ അംഗീകരിക്കുകയും ചെയ്തു. ഭൂമിയെറ്റെടുക്കേണ്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യ്ക്ക് ഭൂമി കൈമാറുന്നതിനുള്ള കോർപ്പറേഷൻ റെസല്യൂഷൻ വരുന്ന മുറയ്ക്ക് ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. വാത്തുരുത്തി പാലത്തിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുടെ ഭൂരിഭാഗവും കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഉടമസ്ഥതയിലാണ്. അലൈൻമെന്റ് നാവിക വിമാനത്താവളത്തിന് സമീപമായതിനാൽ അവരുടെ അനുമതി ആവശ്യമാണ്. കൊറങ്കോട്ട പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരികയാണ്. ഇതുസംബന്ധിച്ച്

ഇൻലാന്റ് നാവിഗേഷൻ ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചാലുടൻതന്നെ ഡിസൈൻ പൂർത്തിയാക്കും.

(7) നഷ്ടപരിഹാരം

ശ്രീ. അബ്ദുൽ ഹമീദ് പി.: മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ കാര്യാട്ടുകടവ് പാലത്തിനും കടലുണ്ടി പാലത്തിനുമായി സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭരണാനുമതി ലഭിച്ച കാര്യാട്ടുകടവ് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചെങ്കിലും മുഴുവൻ സ്ഥലവും ലഭ്യമാകാത്തതിനെത്തുടർന്ന് പ്രവൃത്തി അവസാനിപ്പിച്ചു. ജനപ്രതിനിധികളുടെ അഭ്യർത്ഥന മാനിച്ച് സ്ഥലമുടമകൾക്ക് പിന്നീട് നഷ്ടപരിഹാരം നൽകാമെന്ന വ്യവസ്ഥയിൽ സ്ഥലം വിട്ടുനൽകുകയും പാലം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. പുതുക്കിയ സ്ഥലമേറ്റെടുപ്പ് നിയമപ്രകാരം ഏറ്റെടുത്ത ഭൂമിക്ക് നെഗോസിയേഷൻ പർച്ചേസ് നടത്താൻ കഴിയാത്തതിനാൽ ഡയറക്ട് പർച്ചേസായി സ്ഥലം ഏറ്റെടുക്കാൻ അനുമതി തേടിക്കൊണ്ട് ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്. സ്ഥലമെടുപ്പ് നടപടികൾ കാലഹരണപ്പെട്ടതിനാൽ കടലുണ്ടിക്കടവ് പാലത്തിന്റെ സ്ഥലമേറ്റെടുപ്പിന് അനുവദിച്ച തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ

നിക്ഷേപിച്ചിരിക്കുകയാണ്. പുതുക്കിയ സ്ഥലമേറ്റെടുപ്പ് നടപടികൾ പ്രകാരം ഡയറക്ട് പർച്ചേസായി സ്ഥലം ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ, ഭൂ ഉടമകളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തിരൂർ സ്പെഷ്യൽ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് അർത്ഥനാ പത്രം സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

(8) മുണ്ടത്തിക്കോട്-തൃശ്ശൂർ മെഡിക്കൽ കോളേജ് റോഡ്

ശ്രീ. അനിൽ അക്കര: മുണ്ടത്തിക്കോട്-തൃശ്ശൂർ മെഡിക്കൽ കോളേജ് റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മുണ്ടത്തിക്കോട്-തൃശ്ശൂർ മെഡിക്കൽ കോളേജ് റോഡിന് 150 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുള്ള ആദ്യ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. രണ്ടാമത്തെ ടെണ്ടർ ക്ഷണിച്ചപ്പോൾ എസ്റ്റിമേറ്റ് റേറ്റിന് മുകളിൽ ക്വാട്ട് ചെയ്തെങ്കിലും എൽ.എം.ആർ. പ്രകാരം കൊടുക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് വർക്കുമായി ബന്ധപ്പെട്ട കോൺട്രാക്ടർ കോടതിയിൽ പോകുകയും അനുകൂല വിധി നേടുകയും ചെയ്തു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റേറ്റിൽ ടെണ്ടർ അംഗീകരിച്ച് നൽകുകയും പല തവണ എഗ്രിമെന്റ് വയ്ക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തെങ്കിലും

ആവശ്യമായ രേഖകൾ സമർപ്പിക്കാതിരുന്നതിനാൽ ഫൈനോട്ടുകൂടി 17-01-2019-ൽ Ojasvis construction Soution, Prasanth Buildings, Shornur എന്ന കരാറുകാരനുമായി നിരത്തുകളും പാലങ്ങളും വിഭാഗം മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാർ ഉടമ്പടി വയ്ക്കുകയും പ്രസ്തുത പ്രവൃത്തിക്കായി 2019-ൽ കരാറുകാരന് സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്. കൃത്യവിലോപം കാണിച്ച കരാറുകാരനെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(9) മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

ശ്രീ. കെ. ദാസൻ: കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അപകടം സംഭവിക്കുകയോ ജീവനോപാധി നഷ്ടപ്പെടുകയോ ചെയ്യുന്ന മത്സ്യബന്ധന തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും ജീവനോപാധികൾ വാങ്ങുന്നതിന് പലിശരഹിത/കുറഞ്ഞ പലിശ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി ആവിഷ്ക്കരിക്കാനും ഇവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനും നിലവിലുള്ള വായ്പാകുടിശ്ശിക എഴുതിത്തള്ളാനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കാലാവസ്ഥാ വ്യതിയാനങ്ങളിൽപ്പെട്ട് മത്സ്യബന്ധനത്തിനിടെ ജീവഹാനിയും ഗുരുതരമായി പരിക്കേൽക്കുകയും ജീവനോപാധികൾ പൂർണ്ണമായോ ഭാഗികമായോ കേടാവുകയോ നഷ്ടപ്പെടുകയോ ചെയ്യുമ്പോൾ സാമ്പത്തിക നഷ്ടം നേരിടേണ്ടി വരുന്നുവെന്നത് വസ്തുതയാണ്. ഇതിനൊരു പരിഹാരമെന്ന നിലയിൽ കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് വഴി നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകടത്തിൽപ്പെടുകയോ അവശത അനുഭവിക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് 10,000/- രൂപ വീതവും 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തിചികിത്സ വേണ്ടിവരുന്നവർക്ക് 25,000/- രൂപ വീതവും ആം ആദ്മി ബീമായോജന പ്രകാരം അപകടമരണത്തിന് 4 ലക്ഷം രൂപയും സാധാരണ മരണത്തിന് 2 ലക്ഷം രൂപയും സ്ഥിരവും പൂർണ്ണവുമായ അവശത അനുഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും ഭാഗികമായി അവശത അനുഭവിക്കുന്നവർക്ക് 1 ലക്ഷം രൂപയും ധനസഹായം നൽകുന്നുണ്ട്. ജീവനോപാധികൾ നഷ്ടപ്പെടുകയോ കേടാവുകയോ ചെയ്യുന്നവർക്ക് നിലവിൽ എസ്.ഡി.ആർ.എഫ്.-ൽ നിന്നും കളക്ടർമാർ മുഖേന നഷ്ടപരിഹാരം വിതരണം ചെയ്യുന്നുണ്ട്. മത്സ്യബന്ധന തൊഴിലാളികൾക്ക് സഹായം നൽകുന്നതിനായി നടപ്പ

സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി സമർപ്പിച്ച പ്രൊപ്പോസൽ അനുസരിച്ച് എല്ലാ മറൈൻ ജില്ലകളിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. പൂർണ്ണമായ നഷ്ടം നികത്തുന്നതിന് നിശ്ചിതവിലയുടെ ഒരു ശതമാനവും ടാക്സും ചേർന്ന തുകയും പൂർണ്ണവും ഭാഗികവുമായ നഷ്ടം നികത്തുന്നതിന് നിശ്ചിതവിലയുടെ 1.5 ശതമാനവും ടാക്സും ചേർന്നുള്ള തുകയും പ്രീമിയമായി നിശ്ചയിച്ചിട്ടുണ്ട്. പ്രീമിയം തുകയുടെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായി ഈടാക്കുന്നതും ബാക്കി 90 ശതമാനം തുക സർക്കാർ വഹിക്കുന്നതുമാണ്.

(10) മുരുളൂർക്കരയിൽ ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. യു. ആർ. പ്രദീപ്: ചേലക്കര മണ്ഡലത്തിലെ മുരുളൂർക്കരയിൽ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം സാദ്ധ്യമാക്കുന്നതിനായി റവന്യൂ പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ചേലക്കര മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ശാസ്ത്രവിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നതിന് ഒരു കോളേജ് അനുവദിക്കണമെന്ന അപേക്ഷ പട്ടികജാതി/പട്ടികവർഗ്ഗം, റവന്യൂ വകുപ്പുകളുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ട്. ധനകാര്യവകുപ്പിൽനിന്നും ഫണ്ട് അനുവദിക്കുകയാണെങ്കിൽ കോളേജ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(11) വാഴക്കുളം സെക്ഷൻ ഓഫീസ് വിഭജനം

ശ്രീ. വി. പി. സജീന്ദ്രൻ: കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിൽ ചെമ്പറക്കി ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): എറണാകുളം ജില്ലയിലെ വാഴക്കുളം സെക്ഷൻ വിഭജിച്ച് ചെമ്പറക്കി ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആരംഭിക്കുന്നതിനുള്ള അപേക്ഷ വൈദ്യുതി ബോർഡ് പരിശോധിച്ചെങ്കിലും അധിക മാനവവിഭവശേഷി ആവശ്യമായതിനാലും കമ്പ്യൂട്ടർവൽക്കരണം അടക്കമുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതിനാലും പുതിയ സെക്ഷനുകൾ

ആരംഭിക്കുക അപ്രായോഗികമാണ്. പല സെക്ഷൻ ഓഫീസുകളും വിഭജിച്ച് പുതിയവ ആരംഭിക്കണമെന്ന ആവശ്യം ഉന്നയിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാലും സാങ്കേതിക ബുദ്ധിമുട്ട് നേരിടേണ്ടിവരുമെന്നതിനാലും വാഴക്കുളത്ത് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

## IV ധനകാര്യം

### 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. കെ. സുരേഷ് കുറുപ്പ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ജി.എസ്.ടി.-യിന്മേൽ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തിയത് വിലക്കയറ്റം സൃഷ്ടിക്കുമെന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. കേരളത്തിന്റെ പുരോഗതിക്കായി ബഡ്ജറ്റിലൂടെ പരസ്പര ബന്ധിതമായ 25 പദ്ധതികൾ പ്രഖ്യാപിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും ആരോഗ്യ പരിരക്ഷയുടെ പരിധിയിൽ കൊണ്ടുവന്ന് സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ നടപ്പിലാക്കുകയെന്ന ആശയമാണ് ബഡ്ജറ്റിലൂടെ വിഭാവന ചെയ്യുന്നത്. സ്ഥലമേറ്റെടുക്കാതെതന്നെ അതിവേഗ റെയിൽപ്പാത നിർമ്മാണവും റോഡ്-റെയിൽ-ജലപാതകളുടെ

വികസനവും സംസ്ഥാനത്തെ വികസനക്കുതിപ്പിലേയ്ക്ക് നയിക്കുമെന്നതിൽ സംശയമില്ല. അടിസ്ഥാന സൗകര്യ വികസനം ഫലപ്രദമായി നടപ്പാക്കാനുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മുടങ്ങിക്കിടന്ന പല പദ്ധതികളും പൂർത്തീകരിക്കാൻ സാധിച്ചതും ക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ച് കുടിശ്ശികയുൾപ്പെടെ വിതരണം ചെയ്യാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രളയം തകർത്ത കേരളത്തിന്റെ പുനർനിർമ്മാണത്തിന്റെ പേരിൽ പ്രളയസെസ്സ് ഏർപ്പെടുത്താനുള്ള തീരുമാനം ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്നതിനും വിലക്കയറ്റം സൃഷ്ടിക്കുന്നതിനുമിടയാക്കും. ഒരു ശതമാനം പ്രളയസെസ്സ് ഈടാക്കുന്നതിനുപകരം പുതിയൊരു ലോട്ടറി തുടങ്ങി നവകേരള പുനർനിർമ്മാണത്തിനുള്ള വിഭവസമാഹരണം നടത്തുന്നതിനും പ്രളയബാധിത മേഖലയിലെ ജനങ്ങളെ പ്രളയ സെസ്സിൽ നിന്നും ഒഴിവാക്കുന്നതിനും തയ്യാറാകണം. വിവിധ വകുപ്പുകൾക്കായി അലോട്ട് ചെയ്ത തുക ചെലവഴിക്കാത്തത് സംബന്ധിച്ച് പരിശോധിക്കണം. സ്മാർട്ട് സിറ്റി, ലൈറ്റ് മെട്രോ, ആറ്റുകാൽ ടൗൺഷിപ്പ്, വലിയതുറ-പൂന്തുറ ഫിഷിംഗ് ഹാർബർ, കുടിവെള്ള ക്ഷാമം, റിംഗ് റോഡ് പദ്ധതി, ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള

വീട് നിർമ്മാണം, മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ തുടങ്ങിയവ പ്രാവർത്തികമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ആരോഗ്യ പരിപാലന മേഖലയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതിനും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സംരക്ഷിക്കുന്നതിനും ശബരിമല വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. തലസ്ഥാന നഗരത്തെ പൂർണ്ണമായി അവഗണിക്കുന്ന നിലപാടാണ് ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. സി. കെ. നാണു: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വടകര താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നതോടൊപ്പം പ്രസ്തുത ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടിയുണ്ടാകണം. കാൻസർ രോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ ആയുർവേദ ചികിത്സാരീതിയുടെ സാധ്യതകളെക്കുറിച്ച് പരിശോധിക്കാൻ തയ്യാറാകണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ബഡ്ജറ്റിനെ എതിർക്കുന്നു. പരപ്പനങ്ങാടി ഹാർബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. തിരൂരങ്ങാടിയിൽ

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.ഐ.എസ്.ടി.-ക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി 25 കോടി രൂപ അനുവദിക്കണം.

<u>ശ്രീമതി യു. പ്രതിഭ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആയിരം ദിവസം കൊണ്ട് നിരവധി പദ്ധതികളാണ് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. സാമൂഹ്യ സുരക്ഷാ പെൻഷൻ വർദ്ധിപ്പിക്കാൻ സാധിച്ചതും കുട്ടനാട്-വയനാട് പാക്കേജ് പ്രഖ്യാപിച്ചതും പ്രളയബാധിതർക്ക് ജീവനോപാധികൾ ഏർപ്പെടുത്തിയതും ആദിവാസി കുടുംബങ്ങളിലെ ഒരംഗത്തിനെങ്കിലും ജോലി നൽകാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. പ്രളയാനന്തരം ഭാഗീകമായും പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്കായി 430 കോടി രൂപയും കൃഷിനാശം നേരിട്ടവർക്ക് 178 കോടി രൂപയും വിള ഇൻഷ്വറൻസിനായി 21.57 കോടി രൂപയും കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് 21.7 കോടി രൂപയും അനുവദിക്കുകയുണ്ടായി. 14000 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിക്കാനും 3200 ടൺ വിത്ത് വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. രാമനാട്ടുകര, തൊണ്ടയാട്, ഇടപ്പള്ളി ഫ്ലൈഓവറുകളും കൊല്ലം ബൈപ്പാസ് നിർമ്മാണവും പ്രാവർത്തികമാക്കാനും ആലപ്പുഴ ബൈപ്പാസ് നിർമ്മാണം അന്തിമഘട്ടത്തിലെത്തിക്കാനും നീലേശ്വരം ആർ.ഒ.ബി. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും നടപടി സ്വീകരിച്ചു.

(ചർച്ച തുടരും)

മി. ചെയർമാൻ: കാര്യവിവരപ്പട്ടികയിലെ നടപടിക്രമമനുസരിച്ച് ഉച്ചയ്ക്കുശേഷം 1.00 മണി മുതൽ 2.00 മണി വരെ ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും പരിഗണിക്കേണ്ടതുള്ളതിനാൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചർച്ച ധനവിനിയോഗ ബിൽ ചർച്ചയ്ക്കുശേഷം തുടരാവുന്നതാണ്.

## V നിയമനിർമ്മാണകാര്യം

### 2019-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. രാജഗോപാലൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിലാളിക്ഷേമം തുടങ്ങിയ അനിവാര്യ

മേഖലകളിലാണ് സർക്കാർ അധിക തുക ആവശ്യപ്പെട്ടിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 6302 കോടി രൂപയുടെ ബാദ്ധ്യതയാണുണ്ടായിരുന്നത്. വെല്ലുവിളികളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, വയോജന സംരക്ഷണം തുടങ്ങി എല്ലാ മേഖലകളിലും കേരളം ഇന്ന് മുൻപന്തിയിലാണ്. ട്രാൻസ്ജെൻഡേഴ്സിന് ജോലി സംവരണം ഉറപ്പുവരുത്തിയതും ദളിതർക്കെതിരെയുള്ള അക്രമം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ മാറ്റിയതും ഇന്റർനെറ്റ് പൗരന്റെ അവകാശമാക്കിയതും വനിതാ ക്ഷേമത്തിന് പ്രത്യേക വകുപ്പ് രൂപീകരിച്ചതും സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. സർക്കാരിന്റെ ഓരോ ബഡ്ജറ്റും ജനക്ഷേമത്തെയും വികസന കാര്യങ്ങളെയും മുൻനിർത്തിയുള്ളതായിരുന്നു. ജനാധിപത്യത്തെ അവഹേളിച്ചുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. തൊഴിൽ സാഹചര്യം ഉറപ്പുവരുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വിവിധ പദ്ധതികൾക്ക് 563 കോടി രൂപ വകയിരുത്തുകയും സമഗ്ര കാർഷിക വികസന പദ്ധതികൾ ആവിഷ്കരികരിക്കുകയും ചെയ്ത സർക്കാരാണിത്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: കേരളത്തിൽ തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ശബരിമലയിലെയും നിലയ്ക്കലിലെയും പമ്പയിലെയും പ്രധാന ഇടത്താവളങ്ങളിലെയും ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിനായി കിഫ്ബി 141.75 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്നും ശബരിമലയുടെ വികസനത്തിനായി 739 കോടി രൂപ ചെലവഴിക്കുമെന്നും ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ശബരിമലയിൽ വിമാനത്താവളം കൊണ്ടുവന്ന് ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ശ്രമം നടക്കുകയാണ്. ശബരിമലയെ തിരുപ്പതി മോഡലിൽ വികസിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പമ്പയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

<u>ശ്രീ. എൽദോ എബ്രഹാം</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കീഴില്ലം ശബരിമല ഇടത്താവളത്തിന് 19.39 കോടി രൂപ അനുവദിച്ചത് അഭിനന്ദനാർഹമാണ്. ഈ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ എല്ലാ വിഭാഗം ജനങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും അതിലെ പ്രഖ്യാപനങ്ങൾ ഓരോന്നും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രളയത്തിൽ തകർന്ന കേരളത്തെ പുനഃസൃഷ്ടിക്കാനുള്ള ശ്രമങ്ങളാണ് ബഡ്ജറ്റിലൂടെ

നടത്തിയിരിക്കുന്നത്. സാർവ്വത്രിക ആരോഗ്യ സുരക്ഷാപദ്ധതിയിൽ ജനറൽ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തണം. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക വിളകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും അഗ്രികൾച്ചറൽ ഇൻഡസ്ട്രീസ് പ്രോത്സാഹിപ്പിക്കുന്നതിനും പൈനാപ്പിൾ കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പൈനാപ്പിൾ പാർക്ക്, പൈനാപ്പിൾ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. മൂവാറ്റുപുഴ കേന്ദ്രീകരിച്ച് ഒരു ജില്ല രൂപീകരിക്കുന്നതിന് സാദ്ധ്യതാപഠനം നടത്തണം. ജനക്ഷേമപരമായ നടപടികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വിവിധ പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും പദ്ധതികൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച കാരുണ്യ ഉൾപ്പെടെയുള്ള പദ്ധതികൾ തുടരുന്നതിനും

എം.എൽ.എ.മാർക്ക് 5 കോടി രൂപയുടെ ആസ്തിവികസന ഫണ്ട് അനുവദിക്കുന്നതിനും തീരുമാനമെടുക്കണം. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഫണ്ട് വകയിരുത്തുകയും ഗ്രാമീണ റോഡുകൾ വൺ ടൈം ടാറിംഗ് ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്യണം.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ധനക്കമ്മിയും റവന്യൂ കമ്മിയും വർദ്ധിച്ചിരിക്കുകയാണ്. ധൂർത്തും ദുർവ്യയവും കാരണമാണ് സാമ്പത്തിക വർഷാവസാനത്തിൽ ഭീമമായ തുക സപ്ലിമെന്ററി ഡിമാന്റായി ആവശ്യപ്പെടേണ്ടിവന്നത്. വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പരിശീലനത്തിനായി വലിയ തുക ചെലവഴിക്കുമ്പോഴും റോഡപകടങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. വാഹന നികുതി കുടിശ്ശികയും പാട്ടക്കുടിശ്ശികയും സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണം. ഓഖി ദുരന്തത്തെത്തുടർന്ന് ലഭിച്ച കേന്ദ്രസഹായം യഥാസമയം ചെലവഴിക്കുന്നതിനോ പ്രളയബാധിതരായ എല്ലാപേർക്കും പ്രളയ ദുരിതാശ്വാസ സഹായം ലഭ്യമാക്കുന്നതിനോ ഈ

ഗവൺമെന്റിന് സാധിച്ചിട്ടില്ല. ന്യൂനപക്ഷ ക്ഷേമപദ്ധതികൾക്കും പ്രവാസി ക്ഷേമത്തിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വിഭവ സമാഹരണത്തിന് പുതിയ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പദ്ധതി നിർവ്വഹണത്തിലും ധനവിനിയോഗത്തിലും ഏറ്റവും പിന്നിലായ സർക്കാർ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തിയതിലൂടെ പ്രളയബാധിതരുടെ മേൽ അധിക നികുതി അടിച്ചേൽപ്പിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. പ്രളയവുമായി ബന്ധപ്പെട്ട് സമാഹരിച്ച തുകയുടെ 27 ശതമാനത്തിൽ താഴെ മാത്രമാണ് വിനിയോഗിക്കുവാൻ കഴിഞ്ഞത്. പ്രളയത്തെ അതിജീവിക്കുവാനായി 25 ഇന പദ്ധതികൾ പ്രഖ്യാപിച്ചുവെന്ന് പറയുന്നെങ്കിലും മുൻവർഷങ്ങളിലെ അതേ പദ്ധതികൾ 25 തലക്കെട്ടുകളിലാക്കി പുനർ അവതരിപ്പിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. സഹകരണ ബാങ്കുകളിൽനിന്ന് ആളുകൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഡിവിഡന്റ് പ്രളയത്തിന്റെ പേരു പറഞ്ഞ് സർക്കാരിലേയ്ക്ക് വകയിരുത്തി. ചെറുകിട വ്യാപാരികൾക്കുണ്ടായ നഷ്ടം നികത്താനായി ഒരു സഹായവും നൽകിയിട്ടില്ല എന്നുമാത്രമല്ല ഇൻഷ്വറൻസ് കമ്പനികൾ ചെറുകിട വ്യാപാരികളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. നിർമ്മാണ

സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ചു. ഗ്രാമീണ റോഡുകൾ നവീകരിക്കാൻ തുക അനുവദിച്ചിട്ടില്ല. പ്രളയത്തിന്റെ പേര് പറഞ്ഞ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾപോലും മാറ്റിവച്ചിരിക്കുകയാണ്. പ്രളയ ബാധിത മേഖലകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രളയക്കെടുതിയിൽ തകർന്നടിഞ്ഞ കേരളത്തിന് ആത്മവിശ്വാസവും പ്രതീക്ഷയും നൽകുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പ്രളയക്കെടുതിമൂലം ജീവിതമാർഗ്ഗം അടഞ്ഞുപോയ സമൂഹത്തിലെ ഏറ്റവും താഴെത്തലത്തിലുള്ള ജനവിഭാഗങ്ങൾക്ക് ജീവനോപാധികൾ ഉറപ്പുനൽകുന്നതിനും നാശത്തിലേയ്ക്ക് നീങ്ങിയ കേരളത്തെ ഭാവനാപരമായി പുനർനിർമ്മിക്കുന്നതിനും പൊതുജീവിത നിലവാരവും സാമ്പത്തിക വളർച്ചയും ഭദ്രമാക്കി മുന്നേറുന്നതിനും ഉതകുന്ന സാമ്പത്തിക കാഴ്ചപ്പാടാണ് ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. രണ്ടര വർഷമായി സർക്കാർ സ്വീകരിച്ചുപോരുന്ന കർശനമായ സാമ്പത്തിക അച്ചടക്കവും പദ്ധതി നിർവ്വഹണത്തിലെ കർശന നിലപാടും ഇപ്പോഴത്തെ വെല്ലുവിളികളെ മറിക്കടക്കാൻ കഴിയുമെന്നുള്ള പ്രത്യാശയാണ് നൽകുന്നത്. പ്രതികൂലമായ സാമ്പത്തിക സാഹചര്യങ്ങളിലും ക്ഷേമ പെൻഷനുകളടക്കമുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ

കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചതും ക്ഷേമപെൻഷൻ തുക വർദ്ധിപ്പിച്ചതും എടുത്തു പറയേണ്ട നേട്ടങ്ങളാണ്. തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് നിർമ്മാണ സാമഗ്രികൾക്കുള്ള സഹായം എത്തിക്കാനുള്ള ഉചിതമായ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റീ ബിൽഡ്, ആന്വൽ പ്ലാൻ, കിഫ്ബി എന്നിവ സംയോജിപ്പിച്ച് 1200 സ്കീമുകൾക്കായി 39807 കോടി രൂപയുടെ അടങ്കൽ പ്രഖ്യാപിച്ചതും വലിയ നേട്ടമാണ്. വ്യവസായ പാർക്കുകളും കോർപ്പറേറ്റ് നിക്ഷേപങ്ങളും വ്യവസായവത്കരണത്തിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിർണ്ണായക പങ്ക് വഹിക്കും. പ്രളയം രൂക്ഷമായി ബാധിച്ച വയനാട്, ഇടുക്കി, കുട്ടനാട് തുടങ്ങിയ മലയോര മേഖലയ്ക്ക് പ്രതീക്ഷ നൽകുന്ന പരിസ്ഥിതി സൗഹൃദ പുനർനിർമ്മാണ പദ്ധതി ആവിഷ്കരിക്കാൻ സാധിച്ചതും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചതും സ്വാഗതാർഹമാണ്. ഈ മുന്നേറ്റം തടസ്സം കൂടാതെ നടത്താനാവശ്യമായ നിക്ഷേപവും വികസന അജണ്ടയും ബഡ്ജറ്റിൽ വിഭാവന ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ-കാർഷിക മേഖലകളുടെ ഉന്നമനത്തിനുവേണ്ടി പല പദ്ധതികളും ആവിഷ്കരിച്ചതും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് ഉല്പന്നങ്ങൾ നീതിപൂർവ്വം വിതരണം ചെയ്യുക എന്ന സമീപനം കേരളത്തിൽ സ്വീകരിക്കാൻ കഴിഞ്ഞതും സ്വാഗതാർഹമാണ്. രൂപകല്പന ചെയ്ത റോഡുകൾ,

പാലങ്ങൾ, ജലപാതകൾ എന്നിവ അവിഭാജ്യ ഘടകങ്ങളായി മാറിയിട്ടുണ്ട്. കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പാത, പ്രൈമറി സഹകരണ സംഘങ്ങളുടെ നിക്ഷേപങ്ങൾക്ക് സംരക്ഷണ വലയം സൃഷ്ടിക്കുന്ന കേരള ബാങ്ക് എന്നിവ കേരളത്തിന്റെ വളർച്ചയ്ക്ക് പുതിയ അദ്ധ്യായം കുറിക്കുകയാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതി വഴി ജോലി ചെയ്തുപോരുന്ന 30 ലക്ഷത്തോളം കുടുംബങ്ങൾക്ക് ക്ഷേമനിധി നടപ്പിലാക്കിയതും നഗര-ഗ്രാമ വ്യത്യാസമില്ലാതെ പട്ടിണി മാറ്റാൻ അയ്യങ്കാളി നഗര പദ്ധതി വഴി തൊഴിൽ കൊടുക്കുന്നതിനായി 75 കോടി രൂപ മാറ്റിവച്ചതും അഭിനന്ദനീയമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ദേവസ്വം ബോർഡിന്റെ വരുമാനം സർക്കാർ എടുക്കുന്നു എന്ന തെറ്റായ പ്രചാരണത്തെത്തുടർന്നാണ് ശബരിമലയ്ക്ക് വേണ്ടി സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച കണക്കുകൾ ബഡ്ജറ്റിൽ പരാമർശിച്ചത്. കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്തെക്കാൾ കൂടുതൽ തുകയാണ് ഈ സർക്കാർ ചെലവഴിച്ചിട്ടുള്ളത്. ആർ.എസ്.ബി.വൈ, ചിസ് പ്ലസ്, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് ഇൻഷ്വറൻസ് പ്ലസ് അഷ്വറൻസ് മോഡലിലുള്ള ആരോഗ്യ സുരക്ഷാ പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തവർക്ക് പ്രീമിയമടച്ച് പദ്ധതിയുടെ

ഭാഗമാകാവുന്നതാണ്. കേരളത്തിലെ പൊതു ആരോഗ്യരംഗം മെച്ചപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതല്ലാതെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് തുക വകയിരുത്തുന്നതിന് മുൻ യു.ഡി.എഫ്. സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. പ്രളയബാധിതർക്ക് വീടുനിർമ്മാണത്തിനുള്ള തുടർ ഗഡുക്കൾ, കുടുംബശ്രീക്ക് നൽകുന്ന വായ്പകളുടെ പലിശ തുടങ്ങിയ കമ്മിറ്റഡ് ചെലവുകൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ചെലവഴിക്കാതെ ബാക്കിത്തുക നീക്കിവച്ചിരിക്കുന്നതെന്ന യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ടാണ് പ്രതിപക്ഷം അനാവശ്യ വിമർശനമുന്നയിക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2019-ലെ കേരള ധനവിനിയോഗബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2019-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം 36-ന് എതിരെ 73 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കി.

## VI ക്രമപ്രശ്നം

ധനസംബന്ധമായ ഉത്തരവാദിത്വ ബില്ലിന്റെ ലംഘനം

ശ്രീ. എം. ഉമ്മർ: 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനോടൊപ്പം മുൻവർഷത്തെ ചെലവിന്മേലുള്ള പുന:പരിശോധന സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷംവരെയുള്ള റിപ്പോർട്ട് സമർപ്പിച്ചതിലൂടെ 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ ആക്ടിലെ മൂന്നാം വകുപ്പിലെ വ്യവസ്ഥകളും 2005-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്വ ചട്ടങ്ങളിലെ 9 (1)-ലെ വ്യവസ്ഥകളും ലംഘിക്കപ്പെട്ടിരിക്കുകയാണ്. നിലവിലുള്ള നിയമവും ചട്ടവും പ്രകാരം ഇപ്പോൾ സഭയിൽ സമർപ്പിക്കേണ്ടത് കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2018-2019-ലെ റിപ്പോർട്ടാണ്. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചാണ് സംസ്ഥാന ബഡ്ജറ്റിൽ

മാറ്റങ്ങൾ വരുത്തേണ്ടത്. വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുന്നതിലും റിപ്പോർട്ട് സമർപ്പിക്കുന്നതിലുമുണ്ടായ കാലതാമസം ഗൗരവമായെടുക്കേണ്ട വിഷയമാണ്. ഇത് നിർഭാഗ്യകരവും സഭയോടുള്ള അവഹേളനവുമാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2016-17-നുശേഷമുള്ള വർഷത്തെ അടിസ്ഥാനമാക്കി എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ കഴിയില്ല. 2017-18-ലെ ആക്ച്വൽ എക്സ്പെൻഡിച്ചർ അക്കൗണ്ട്സ് സഭയിൽ സമർപ്പിക്കുന്നതിന് ഗവർണറുടെ അസന്റ് ലഭിച്ചിട്ടേയുള്ളൂ. തൊട്ടുമുമ്പുള്ള വർഷത്തെ ബഡ്ജറ്റ് സമയത്ത് ആക്ച്വൽ എക്സ്പെൻഡിച്ചർ അക്കൗണ്ട്സ് തയ്യാറാകാത്തതുകൊണ്ടാണ് ചട്ടത്തിൽ ഡിസംബർ മാസം എന്ന് പറഞ്ഞിരിക്കുന്നത്. ബഡ്ജറ്റ് സമയത്ത് അക്കൗണ്ട് തയ്യാറാകാത്തതുകൊണ്ടാണ് കാലതാമസ റിപ്പോർട്ട് സമർപ്പിക്കേണ്ടിവരുന്നത്. ഇത് സഭയോടുള്ള അനാദരവോ അവഹേളനമോ അല്ല.

<u>മി. സ്പീക്കർ</u>: ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ ഉന്നയിക്കപ്പെട്ട വിഷയത്തിന്മേൽ ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകിയെങ്കിലും ഇക്കാര്യത്തിൽ ചില അവ്യക്തതകളും തെറ്റിദ്ധാരണകളും

നിലനിൽക്കുന്നതിനാൽ ചട്ട വ്യവസ്ഥകളും നടപടിക്രമങ്ങളും വിശദമായി പരിശോധിച്ചതിനുശേഷം ഇതുസംബന്ധിച്ച റൂളിംഗ് നൽകുന്നതാണ്.

**ധനകാര്യം (തുടർച്ച)**

ശ്രീമതി യു. പ്രതിഭ: ബഡ്ജറ്റിൽ സ്ത്രീകൾക്കുള്ള സ്കീമിന്റെ അടങ്കൽ തുക 1420 കോടി രൂപയായി വർദ്ധിപ്പിച്ച നടപടി സ്ത്രീ സമൂഹത്തിനുള്ള അംഗീകാരമാണ്. 176 കോടി രൂപ ചെലവാക്കി ആറാട്ടുപുഴ ആലപ്പാട് പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതും മലയോര -തീരദേശ ഹൈവേകൾക്ക് ആരംഭം കുറിക്കാൻ കഴിഞ്ഞതും കായംകുളം-അടൂർ റോഡിനായി 12 കോടി രൂപ അനുവദിച്ചതും അമ്പലപ്പുഴ-തിരുവല്ല റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ സാധിച്ചതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്.

ശ്രീ. കെ. എം. മാണി: സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രഗവണ്മെന്റ് കൊണ്ടുവന്ന ദുരന്തനിവാരണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചിരുന്നെങ്കിൽ ഓഖി, നിപ, മഹാപ്രളയം എന്നിവ ഫലപ്രദമായി നേരിടുന്നതിനും ദുരന്ത കാഠിന്യം കുറയ്ക്കുന്നതിനും പുനരധിവാസം വേഗത്തിൽ നടപ്പിലാക്കുന്നതിനും സർക്കാരിന് കഴിയുമായിരുന്നു. സുനാമി ദുരന്തത്തെ ഫലപ്രദമായി നേരിടുന്നതിനും പാർപ്പിട പ്രശ്നമുൾപ്പെടെ പുനരധിവാസ

പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കഴിഞ്ഞ സർക്കാരിന് സാധിച്ചിരുന്നു. വാർഷിക പദ്ധതികളുടെയും കിഫ്ബി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെയും സംയോജിതമായ ഒരു സ്റ്റേറ്റ്മെന്റാണ് ബഡ്ജറ്റായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കിഫ്ബി ഫണ്ട് സി.&എ.ജി.-യെക്കൊണ്ട് ഓഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനുപുറമെ കിഫ്ബിയുടെ സി.ഇ.ഒ.-യെ മുത്തൂറ്റ് ഗ്രൂപ്പ് ഡയറക്ടർ ആയി നിയമിക്കാനുണ്ടായ സാഹചര്യവും വ്യക്തമാക്കണം. കാരുണ്യ പദ്ധതിയെ ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിച്ച നടപടി ഒഴിവാക്കണം. ലൈഫ് മിഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നുമാത്രമല്ല അതിന്റെ വരവോടുകൂടി ഭവനനിർമ്മാണ ബോർഡും വകുപ്പും പ്രവർത്തനരഹിതമായിരിക്കുകയാണ്. കാർഷികമേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തുന്നതിനു പുറമെ റബ്ബർ കർഷകരെ രക്ഷിക്കുന്നതിനും റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണം. പ്രവാസി ചിട്ടിയിൽ ചേരുന്നവർക്കും കിഫ്ബിയിൽ വൻതുക നിക്ഷേപിക്കുന്നവർക്കും പെൻഷൻ നൽകുന്നതാണെന്ന പ്രഖ്യാപനം നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമാണ്. വിലക്കയറ്റത്തിനു കാരണമാകുമെന്നതിനാൽ ജി.എസ്.ടി.-യിൽ ഏർപ്പെടുത്തിയിരിക്കുന്ന പ്രളയസെസ്സ് പിൻവലിക്കണം. ജീവനക്കാരുടെ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള ഇനങ്ങൾക്കായി

നീക്കിവച്ചിരിക്കുന്ന തുകയും പ്രതീക്ഷിക്കുന്ന വളർച്ചാനിരക്കും യാഥാർത്ഥ്യമല്ലാത്തതിനാൽ ബഡ്ജറ്റ് പുന:ക്രമീകരിക്കണം.

ശ്രീ. ബി. ഡി. ദേവസ്സി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആറ് മണ്ഡലങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നതും ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ അടിസ്ഥാനവുമായ ചാലക്കുടി പുഴയെക്കൂടി നദീതട പദ്ധതിയിൽ ഉൾപ്പെടുത്തണം. പട്ടയവിതരണം ത്വരിതപ്പെടുത്തുന്നതിനും മലയോര കർഷകർക്കും പുറമ്പോക്കുകളിൽ താമസിക്കുന്നവർക്കും പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് നിപ വൈറസിനെ ചെറുക്കുന്നതിനായി ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. തൃശ്ശൂർ ജില്ലയിൽ പ്രളയത്തിൽ വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും ധനസഹായം നൽകുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളുടെ ഫലമായി സംസ്ഥാനത്തെ വിവിധ മേഖലകൾ നേരിടുന്ന പ്രതിസന്ധികളെ അതിജീവിച്ച് മുന്നേറുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ യാഥാർത്ഥ്യമാക്കുന്നതിനും കിഫ്ബിയും ബഡ്ജറ്റും എന്ന ആശയം

ത്രപപ്പെടുത്തുന്നതിനും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ തസ്തികകൾ അനുവദിക്കുന്നതിനും വകുപ്പുകളിൽ വികസനപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ത്രീമുന്നേറ്റത്തിനും സ്ത്രീശാക്തീകരണത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും പ്രതിപക്ഷത്തിന്റെയും ജനദ്രോഹ-സാമ്പത്തിക-തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെയുള്ള ബദൽ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. സി. മമ്മൂട്ടി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തെ ജനങ്ങളുടെമേൽ കടുത്ത സാമ്പത്തിക ഭാരം ഏൽപ്പിക്കുന്ന പ്രളയസെസ്സ് പിൻവലിക്കുന്നതിന് സർക്കാർ തയ്യാറാകണം. കേരളത്തിലെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല. കിഫ്ബി പദ്ധതികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്തി അവയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ പുന:സ്ഥാപിക്കുന്നതിനും അപകടാവസ്ഥയിലുള്ള തിരൂരിലെ സമാന്തര റെയിൽവേ മേൽപ്പാലത്തിന്റെ

നിർമ്മാണത്തിനും തുക അനുവദിക്കണം. സംസ്ഥാനത്ത് ഇന്നുള്ള പ്രതിസന്ധികളെ അതിജീവിക്കാനുള്ള മുന്നൊരുക്കങ്ങൾക്ക് നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഗീതാ ഗോപി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രളയാനന്തരം അവതരിപ്പിച്ച ഈ ബഡ്ജറ്റ് നവകേരള സൃഷ്ടിക്ക് ഉദാത്തമാകുന്നതാണ്. കാർഷിക മേഖലയുടെ വികസനം ലക്ഷ്യമാക്കി പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ മൂന്ന് കേന്ദ്രങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റൈസ് പാർക്കുകൾ നിർമ്മിക്കാൻ 20 കോടി രൂപയും രണ്ടാം കുട്ടനാട് പാക്കേജിനായി ആയിരം കോടി രൂപയും ബഡ്ജറ്റിൽ വിഭാവന ചെയ്തത് ശ്ലാഘനീയമാണ്. മാത്തൂർ ഇറിഗേഷൻ പദ്ധതിക്ക് 5 കോടി രൂപയും ഇക്കോ ടൂറിസത്തിന് 3 കോടി രൂപയും കുളങ്ങൾ കെട്ടി സംരക്ഷിച്ച് ജലസംവിധാനം ഉറപ്പുവരുത്തുന്നതിന് 4.5 കോടി രൂപയും വകയിരുത്തിയതും പെരിങ്ങോട്ടുകര ഐ.റ്റി.ഐ., തൃപ്രയാർ പാലം, വിവിധ കുടിവെള്ള പദ്ധതികൾ, ബി.എം.&ബി.സി. റോഡുകൾ തുടങ്ങി നാട്ടിക മണ്ഡലത്തിൽ നടപ്പാക്കിയ ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങളെല്ലാം തന്നെ പ്രശംസനീയമാണ്. പെരിങ്ങോട്ടുകരയിൽ ഒരു പോലീസ് സ്റ്റേഷൻ

അനുവദിക്കുന്നതിനും തൃപ്രയാർ താലൂക്ക് ആക്കി മാറ്റാനും നടപടി സ്വീകരിക്കണം.

ശ്രീ. അനിൽ അക്കര: ബഡ്ജറ്റിനെ എതിർക്കുന്നു. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ പ്രളയകാലത്ത് അതിജീവനത്തിന് സഹായകരമായിട്ടുണ്ട്. റീ ബിൽഡ് കേരളയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയും സാമാജികരുടെയും പഞ്ചായത്ത് ഭരണസമിതികളുടെയും പങ്കിനെക്കുറിച്ച് വിലയിരുത്തപ്പെടണം. ജനകീയാസൂത്രണവും ജനകീയ പങ്കാളിത്തവും ഉറപ്പാക്കി മുന്നേറുന്ന സംസ്ഥാനത്ത് റീ ബിൽഡ് കേരളയുടെ പ്രവർത്തനങ്ങളിൽ എം.എൽ.എ.മാർക്കും പഞ്ചായത്ത് മെമ്പർമാർക്കും അഭിപ്രായ സ്വാതന്ത്ര്യം അനുവദിക്കണം. ഈ ബഡ്ജറ്റിൽ പഞ്ചായത്തുകൾക്ക് വകയിരുത്തിയ തുക അപര്യാപ്തമാണ്. കെട്ടിട നികുതിയിലൂടെയും തൊഴിൽ നികുതിയിലൂടെയുമാണ് പഞ്ചായത്തുകൾക്ക് തനത് ഫണ്ട് ലഭ്യമാകുന്നത്. പതിനഞ്ച് മുതൽ പതിനെട്ട് ശതമാനം തുകയാണ് തിയേറ്ററുകളിൽ നിന്ന് വിനോദ നികുതി ഇനത്തിൽ ഗവൺമെന്റ് നേരിട്ട് പിരിക്കുന്നത്. സ്വകാര്യ ആശുപത്രികളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എല്ലാ മെഡിക്കൽ കോളേജുകളിലും ലഭിക്കുന്ന വിധത്തിലുള്ള ഒരു പദ്ധതി തയ്യാറാക്കണം. സംസ്ഥാനത്തെ ജനങ്ങൾക്ക് മികച്ച

ചികിത്സ ലഭ്യമാക്കുന്നതിനുള്ള സംവിധാനം സ്വീകരിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിനുവേണ്ടി സമർപ്പിച്ച മാസ്റ്റർ പ്ലാൻ പരിഗണിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ മേഖലയ്ക്ക് മികച്ച പിന്തുണയാണ് ഈ ബഡ്ജറ്റിലൂടെ നൽകിയിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലവിൽ വന്നതോടെ ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പണം സ്വരൂപിക്കാനും സൂക്ഷിക്കാനും ചെലവഴിക്കാനും ഉതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്.

ശ്രീ. ഒ. രാജഗോപാൽ: സംസ്ഥാനത്തിന്റെ വികസനസാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട തിരുവനന്തപുരം-കാസർഗോഡ് സമാന്തര റെയിൽപ്പാത അഭിനന്ദനാർഹമാണ്. നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാതയെപ്പറ്റി പരാമർശിക്കാത്തതും തലസ്ഥാനനഗരിയുടെ വികസനത്തിനാവശ്യമായ പദ്ധതികൾ ഉൾപ്പെടുത്താത്തതും ഖേദകരമാണ്. പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ സംയോജിത റൈസ് പാർക്കുകൾ തുടങ്ങാനും തിരുവനന്തപുരം കോർപ്പറേഷനിലെ മുഴുവൻ സർവ്വീസുകളും ഇലക്ട്രിക് ബസുകളിലേയ്ക്ക് മാറ്റാനുള്ള തീരുമാനവും

സ്വാഗതാർഹമാണ്. കേരള വികസനത്തിന് സഹായകമായ തീരദേശ ജലപാത, തെക്ക്-വടക്ക് എലിവേറ്റഡ് റെയിൽവേ ലൈൻ എന്നിവ ജനപങ്കാളിത്തത്തോടെ ദ്രുതഗതിയിൽ പൂർത്തീകരിക്കണം. കായൽ ടൂറിസം പദ്ധതി ടൂറിസം മേഖലയെ ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. അസംസ്കൃത വസ്തുവായ ചകിരി സംസ്ഥാനത്തുതന്നെ സംഭരിക്കാനും അതുമായി ബന്ധപ്പെട്ട തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള കേന്ദ്ര സർക്കാർ പദ്ധതികളുടെ ഗുണഫലം പൂർണ്ണമായി പ്രയോജനപ്പെടുത്താനും സ്കിൽ ഡെവലപ്മെന്റ് പ്രോജക്ടുകൾക്ക് ഊന്നൽ നൽകാനും സാധിക്കണം. തീർത്ഥാടനകേന്ദ്രമായ ശബരിമലയിൽ എയർപോർട്ട് നിർമ്മിക്കാനുള്ള തീരുമാനം പുന:പരിശോധിക്കണം.

<u>ശ്രീ. ഡി. കെ. മുരളി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയിലും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടി സ്തുത്യർഹമാണ്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ജീവനോപാധി വികസനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ, അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയിലെ വേതന വർദ്ധനവ് തുടങ്ങിയവ അഭിനന്ദനാർഹമാണ്. തിരുവനന്തപുരം ജില്ലയ്ക്കും വിഴിഞ്ഞം തുറമുഖത്തിനും

വൻ വികസന പദ്ധതികൾ, കേരം തിങ്ങും കേരള നാട് പദ്ധതി, സംയോജിത റൈസ് പാർക്ക്, റബ്ബർ പാർക്ക്, ആറുകളുടെ നവീകരണം, പൊതുമേഖലാ സംരക്ഷണം, ആധുനിക റോഡ് നിർമ്മാണം, കേരള ബാങ്ക്, സമഗ്ര നവോത്ഥാന പഠന മ്യൂസിയം, പൊഴിയൂരിൽ പുതിയ തുറമുഖ നിർമ്മാണത്തിന് തുക വകയിരുത്തൽ എന്നിവ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. വെഞ്ഞാറമൂട് എം.സി. റോഡിലെ മേൽപ്പാലനിർമ്മാണവും 20 ശതമാനം തുക വകയിരുത്തിയുള്ള റോഡുകളുടെ കാര്യവുംകൂടി ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. ആന്റണി ജോൺ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലയെയും സ്പർശിക്കുന്ന സമഗ്ര ബഡ്ജറ്റാണിത്. ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ദേശീയപാതാ വികസനം, കൊല്ലം ബൈപ്പാസ്, അന്തർ സംസ്ഥാന വൈദ്യുതി ലൈൻ, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം തുടങ്ങിയവ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. വിദ്യാഭ്യാസ/ആരോഗ്യ മേഖലകളിൽ സമഗ്ര വികസനം, ക്ഷേമ പെൻഷൻ തുക വർദ്ധനവ്, ശബരിമല വികസനത്തിന് തുക വകയിരുത്തിൽ, കെ.എസ്.ആർ.ടി.സി. സംരക്ഷണം, സ്ത്രീശാക്തീകരണം

എന്നിവ അഭിനന്ദനമർഹിക്കുന്നു.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി (ശ്രീ. കെ. എൻ. എ. ഖാദർ): ബഡ്ജറ്റിനെ എതിർക്കുന്നു. പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടിക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച അവ്യക്തത ഒഴിവാക്കണം. വിദഗ്ദ്ധരുമായി ചർച്ചകൾ നടത്തിയും പ്രകൃതിദുരന്തങ്ങൾ സംബന്ധിച്ച പഠനങ്ങൾ നടത്തിക്കൊണ്ടും മാത്രമേ നവകേരള നിർമ്മാണ പദ്ധതികൾ നടപ്പിലാക്കാവൂ. കേന്ദ്ര സർക്കാരിന്റെ വികലമായ നയംമൂലം സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ഉൾക്കൊണ്ടുകൊണ്ടുവേണം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്.

ശ്രീ. കെ. ദാസൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രളയസമയത്ത് സർക്കാർ നടത്തിയ ക്രിയാത്മക ഇടപെടലുകൾ അന്താരാഷ്ട്ര തലത്തിൽ പ്രകീർത്തിക്കപ്പെട്ടവയാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനം തീരദേശ/മത്സ്യമേഖലയുടെ വികസനം എന്നിവ ഉൾപ്പെടെ സമസ്തമേഖലകളിലും വികസനം എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഓഖി ദുരിതബാധിതരുടെ പുനരധിവാസത്തിനായി 10 കോടി രൂപ ചെലവിൽ ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ചത് അഭിനന്ദനാർഹമാണ്. മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷയൊരുക്കാനും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും നഷ്ടപ്പെട്ട മത്സ്യബന്ധനോപകരണങ്ങൾക്ക് സഹായം

നൽകാനും വൈവിധ്യമാർന്ന പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. തീരദേശ വികസന പ്രവർത്തനങ്ങൾക്കായി 3,000 കോടി രൂപ ചെലവഴിക്കാനും സി.ആർ.ഇസഡ്. മേഖലകളിൽ താമസിക്കുന്ന 10000 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. കടലാക്രമണം തടയാൻ പരീക്ഷണാടിസ്ഥാനത്തിൽ ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകിയതും കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ വികസനത്തിന് 70 ലക്ഷം രൂപ അനുവദിച്ചതും ശ്ലാഘനീയമാണ്. പയ്യോളി തീരപ്രദേശത്ത് ഫിഷ് ലാന്റിംഗ് സെന്ററും കോരപ്പുഴയിൽ ചെറുതോണികളെ അടുപ്പിക്കാനുള്ള ലാന്റിംഗ് സെന്ററും മത്സ്യവിപണന കേന്ദ്രവും അനുവദിക്കുന്നതിനും പയ്യോളി തീരപ്രദേശത്തെ കുടിവെള്ള പദ്ധതിക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി പ്രവർത്തനമാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകിയ നടപടി സ്വാഗതാർഹമാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് സമാനതകളില്ലാത്ത മുന്നേറ്റങ്ങൾക്കാണ് സർക്കാർ

സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. പി. കെ. ശശി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമൂഹ്യ സുരക്ഷയുൾപ്പെടെ സമഗ്ര മേഖലകളിലും പ്രതീക്ഷാനിർഭരമായ ചുവടുവയ്പ്പാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. തകർച്ച അഭിമുഖീകരിക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ മാതൃകാപരമാണ്. കൈത്തറി, ഖാദി മേഖലയിൽ മെക്കനൈസേഷൻ നടപ്പിലാക്കാനും റ്റോഡി ബോർഡിന്റെ പ്രവർത്തനം ഫലപ്രദമാക്കാനും നടപടി സ്വീകരിക്കണം. പലിശരഹിത വായ്പയുൾപ്പെടെ മത്സ്യത്തൊഴിലാളികൾക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ശ്ലാഘനീയമാണ്. റബ്ബറിനുള്ള താങ്ങുവിലയ്ക്ക് 500 കോടി രൂപ നീക്കിവച്ചതും നെല്ല്-നാളികേര കൃഷി വ്യാപനത്തിനുള്ള നടപടികളും സ്വാഗതാർഹമാണ്. ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങളാണ് സർക്കാർ കാഴ്ച വച്ചിട്ടുള്ളത്.

<u>ശ്രീ. വി. ടി. ബൽറാം:</u> ബഡ്ജറ്റിനെ എതിർക്കുന്നു. കണക്കുകളും യാഥാർത്ഥ്യവും തമ്മിൽ പൊരുത്തപ്പെടാത്തത് ബഡ്ജറ്റിന്റെ വിശ്വാസ്യത

തകർത്തിരിക്കുകയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാന ബഡ്ജറ്റിന്റെ അമ്പത്തിയഞ്ച് ശതമാനത്തോളം ശമ്പളത്തിനും പെൻഷനുമായി നീക്കിവയ്ക്കേണ്ടിവരുന്ന സാഹചര്യം മറികടക്കാനോ തിരിച്ചുവരുന്ന പ്രവാസികൾക്കായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആംനസ്റ്റി സ്കീം പ്രായോഗികമാക്കിയും നികുതി ഒഴിവാക്കിയും അടയ്ക്കാ വ്യാപാരികളെ സഹായിക്കുന്നതിനും കിഫ്ബി വികസന പദ്ധതികളുടെ നിശ്ചിത ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നീക്കിവയ്ക്കുന്നതിനും തയ്യാറാകണം. എം.എൽ.എ.-മാരുടെ നിർദ്ദേശപ്രകാരം നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചിരിക്കുന്ന പദ്ധതികളിലെ അസന്തുലിതാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭാവികേരളത്തെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാടാണ് ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടിയുള്ള നിരവധി പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. ദളിത്-പിന്നാക്ക വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പഠനം നടത്താനായി ഒരു സ്ത്രീ പഠന കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. വയോജന സംരക്ഷണത്തിന്റെ ഭാഗമായി

എല്ലാ പഞ്ചായത്തുകളിലും രണ്ടോ മൂന്നോ വാർഡുകളിൽ പകൽവീടുകൾ സ്ഥാപിക്കാനുള്ള തീരുമാനം ശ്രദ്ധേയമാണ്. ഭിന്നശേഷിക്കാർക്ക് നാലു ശതമാനം സംവരണം ഉറപ്പുവരുത്താനുള്ള തീരുമാനവും വിവര സാങ്കേതിക മേഖലയുടെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന് 139 കോടി രൂപ വകയിരുത്തിയതും സ്ത്രീശാക്തീകരണത്തിനും പാർശ്വവൽകൃതരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്ത്രീകളിരൊളാൾക്ക് ദാക്ഷായണി വേലായുധന്റെ പേരിൽ വാർഷിക അവാർഡ് ഏർപ്പെടുത്തിയതും എൻഡോസൾഫാൻ ദുരിതബാധിതർക്ക് നാളിതുവരെ കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യങ്ങൾക്കുപുറമെ 20 കോടി രൂപ കൂടി ബഡ്ജറ്റിൽ അനുവദിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്.

## VII **അറിയിപ്പ്**

<u>ചലച്ചിത്ര പ്രദർശനം</u>

ട്രാഫിക് നിയമങ്ങളുടെ ബോധവത്കരണം പ്രമേയമാക്കി നിർമ്മിച്ചിട്ടുള്ളതും ശ്രീ. ഇന്ദ്രൻസ് മുഖ്യ കഥാപാത്രവുമായിട്ടുള്ള 'വൺ സെക്കന്റ്' എന്ന ചലച്ചിത്രത്തിന്റെ പ്രത്യേക പ്രദർശനം ഇന്ന് വൈകുന്നേരം 6.30-ന് ലോഞ്ചിൽ ഒരുക്കിയിട്ടുണ്ട്. ചലച്ചിത്ര പ്രദർശനത്തിനുശേഷം ഗസലോടുകൂടിയ അത്താഴവിരുന്നുള്ളതിനാൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് സ്പീക്കർ അറിയിച്ചു.

സഭ വൈകുന്നേരം 5.53-ന് പിരിഞ്ഞു.